"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ല- തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് , ശ്രീമതി.ജസീല. പി. ഐ- ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1818/2024/LSGD തീയതി,തിരുവനന്തപുരം, 30-09-2024

---

പരാമർശം:-

1. ശ്രീമതി.ജസീല പി ഐ സമർപ്പിച്ച 22.05.2023-ലെ അവധി അപേക്ഷ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2023ലെ LSGD/PD/53107/2023-DEC4 നമ്പർ കത്ത്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.03.2024 ലെ LSGD/PD/53107/2023-DEC4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി.ജസീല.പി.ഐ-യ്ക്ക് തമിഴ് നാട്ടിലെ കുമുത കോളേജ് ഓഫ് എഡ്യുക്കേഷനിൽ ബി എഡ് (ഫിസിക്കൽ സയൻസ് ) പഠനത്തിനായി 23.05.2023 മുതൽ 31.05.2025 വരെ കെ.എസ്.ആർ. ഭാഗം ഒന്ന്, അനുബന്ധം XII - B പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടിയാൾ 05.08.2023-ൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കോഴ്സിന്റെ പൂർണ്ണമായ കാലയളവിലേക്കാണ് കെ.എസ്.ആർ.., ഭാഗം ഒന്ന്, അനുബന്ധം XII - B പ്രകാരമുള്ള ശൂന്യവേതന അവധി അനുവദിക്കുന്നത് എന്നതിനാലും , പരാമർശം (1) അവധി അപേക്ഷക്കൊപ്പം ലഭ്യമാക്കിയിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റിൽ കോഴ്സ് കാലാവധി 01.08.2023 മുതൽ 31.05.2025 വരെ എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിനാലും അപേക്ഷക 05.08.2023 പ്രാബല്യത്തിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ടിയാൾക്ക് 05.08.2023 മുതൽ 31.05.2025 വരെ, കെ.എസ്.ആർ. , ഭാഗം ഒന്ന്, അനുബന്ധം XII - B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജില്ല ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , വയനാട് (തദ്ദേശസ്വയംഭരണവകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി,തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.ജസീല പി ഐ , ക്ലർക്ക് , തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് , വയനാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ധനകാര്യ വകുപ്പ് (27.05.2024ലെ e-2779225/ഡെവ-1/78/2024-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

7.ഡയറക്ടർ , ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.261/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 30-09-2024 14:46:37